പരിഗണിക്കുമ്പോൾ ഒരുമിച്ച് ഒരു വിഭാഗമായി കണക്കാക്കാവുന്നതാണെന്നും പ്രാരംഭ ഘട്ടത്തിൽ ഹോസ്പിറ്റലുകൾ, ടെക്സ്റ്റൽ ഷോപ്പുകൾ, ഹോട്ടൽ റെസ്റ്റോറന്റുകൾ, ജ്വല്ലറികൾ, സെക്യൂരിറ്റി സ്ഥാപനങ്ങൾ, ഐ.ടി. സ്ഥാപനങ്ങൾ, സ്റ്റാർ ഹോട്ടലുകൾ, ഫാക്ടറികൾ എന്നീ മേഖലകളിലെ ഒന്നു മുതൽ 19 വരെ തൊഴിലാളികളുള്ള സ്ഥാപനങ്ങളൊഴികെയുള്ളവയിൽ ഗ്രേഡിംഗ് നടപ്പിലാക്കാവുന്നതാണെന്നും

തൊഴിൽ വകുപ്പ് ഔദ്യോഗിക വെബ്സൈറ്റിലും വകുപ്പിന്റെ കാര്യാലയങ്ങളിലും തയ്യാറാക്കി ലഭ്യമാക്കുന്ന ചോദ്യാവലി മുഖേന ബന്ധപ്പെട്ട കക്ഷികളിൽ നിന്നും വിവര ശേഖരണം നടത്തി താഴെപ്പറയുന്ന രീതിയിൽ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകാവുന്നതാണെന്നും ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

| മാർക്ക് | ഗ്രേഡ് |
|---|---|
| 80% ൽ കൂടുതൽ | എ+ (വജ്ര) |
| 70 മുതൽ 80 വരെ | എ (സുവർണ്ണ) |
| 60 മുതൽ 70 വരെ | ബി (രജതം) |

ലേബർ കമ്മീഷണർ സമർപ്പിച്ച ശിപാർശ ടി വിഷയവുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചകളുടെ കൂടി അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിൻപ്രകാരം കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിനു കീഴിലും ഫാക്ടറീസ് നിയമത്തിനു കീഴിലും വരുന്ന സ്ഥാപനങ്ങളിൽ മേൽ പ്രസ്താവിച്ചപ്രകാരമുള്ള ഗ്രേഡിംഗ് നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന ഏഴ് പൊതുമാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മികച്ച തൊഴിൽ ദാതാവ്.
2. സംതൃപ്തകരമായ തൊഴിലാളികൾ .
3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം .
4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം.
5. സ്ത്രീ സൗഹൃദ അന്തരീക്ഷം.
6. തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ.
7. തൊഴിലിടങ്ങളിലെ സുരക്ഷ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടോം ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

Endt. No. G(2) 18006/16 dtd 20/5/16
Forwarded to all RJLCs, DLOs, and ALOs for necessary action.

20/5/17

for Labour Commissioner

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിൻ കീഴിലും ഫാക്ടറീസ് ആക്റ്റിനു കീഴിലും വരുന്ന സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.614/2017/തൊഴിൽ  തിരുവനന്തപുരം, തീയതി, 9.5.2017.

പരാമർശം:- 1. ബഹു. ഗവർണ്ണറുടെ 23.02.2017-ലെ നയപ്രഖ്യാപന പ്രസംഗം.

2. ലേബർ കമ്മീഷണറുടെ 07.4.17-ലെ ജി.(2) 18006/2016 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരളത്തിലെ വ്യാപാര- വ്യവസായ- വാണിജ്യ സ്ഥാപനങ്ങളേയും ഫാക്ടറികളേയും അവയുടെ വ്യത്യസ്തതലങ്ങളിലുള്ള പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ രൂപം നൽകിയ തൊഴിൽ നയത്തിൽ വിഭാവനം ചെയ്യുകയും 2017-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ ഇത് സംബന്ധിച്ച് പ്രഖ്യാപനം നടത്തുകയും ചെയ്തിരുന്നു. നിശ്ചിത മാനദണ്ഡങ്ങളെ ആധാരമാക്കി തൊഴിലുടമ, തൊഴിലാളി, ഇതര സാമൂഹ്യവിഭാഗങ്ങൾ, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, എന്നിവരിൽ നിന്നെല്ലാം അഭിപ്രായ രൂപീകരണം നടത്തുവാനും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൂല്യനിർണ്ണയം ചെയ്യാനും ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് വിവിധ ഗ്രേഡുകൾ നൽകി മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിക്കാനും ഇതുവഴി സർക്കാർ ഉദ്ദേശിക്കുന്നു. തൊഴിലാളികൾക്ക് അർഹമായ സേവന-വേതന വ്യവസ്ഥകൾ ലഭ്യമാക്കുന്നതിനോടൊപ്പം മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഗ്രേഡിംഗ് കാരണമായിത്തീരും.

കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിനു കീഴിലും ഫാക്ടറീസ് നിയമത്തിനു കീഴിലും വരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തൊഴിലാളി-തൊഴിലുടമാ പ്രതിനിധികളുമായി സർക്കാർ ചർച്ചകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലേബർ കമ്മീഷണർ പരാമർശം 2 പ്രകാരം വിശദമായ പ്രപ്പോസൽ സമർപ്പിക്കുകയും ചെയ്തു.

ഹോസ്പിറ്റലുകൾ, ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോട്ടൽ-റെസ്റ്റോറന്റുകൾ, ജുവല്ലറികൾ, സെക്യൂരിറ്റി സ്ഥാപനങ്ങൾ, ഐ.ടി. സ്ഥാപനങ്ങൾ, സ്റ്റാർ ഹോട്ടലുകൾ, ഫാക്ടറികൾ എന്നിവിടങ്ങളിൽ ഗ്രേഡിംഗ് സംവിധാനം നടപ്പിലാക്കാവുന്നതാണെന്നും സ്ഥാപനങ്ങളെ തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം നാല് വിഭാഗങ്ങളായി തരംതിരിക്കാവുന്നതാണെന്നും ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

1. ഒന്നു മുതൽ 19 വരെ
2. 20 മുതൽ 50 വരെ
3. 51 മുതൽ 100 വരെ
4. 100 ന് മുകളിൽ

മുകളിൽ പരാമർശിച്ചിരിക്കുന്ന മേഖലകൾ ഒഴികെയുള്ള വ്യവസായ വാണിജ്യസ്ഥാപനങ്ങളെ തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒന്ന് മുതൽ 19 വരെയും 20 ഉം അതിൽ അധികവും വരുന്ന രണ്ട് വിഭാഗമായി മാത്രം തരം തിരിച്ചാൽ മതിയാകുമെന്നും മുകളിൽ പരാമർശിക്കുന്ന രണ്ട് വിഭാഗങ്ങളിലും വരുന്ന ഒന്നുമുതൽ 19 വരെ തൊഴിലാളികളുടെ സ്ഥാപനങ്ങളെ ഗ്രേഡിന്